# വിദ്യാലയ വികസന പദ്ധതി

(2025-26,

# SCHOOL MASTER PLAN

# ST. MARY'S M.M.H.S, ADOOR

## ADOOR SUB DISTRICT

**അടൂർ നഗരസഭ**
**പത്തനംതിട്ട ജില്ല**

| | | |
|---|---|---|
| സ്ഥാപിത വർഷം | : | 1962 |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| ഉപജില്ല | : | അടൂർ |
| ബ്ലോക്ക് | : | പറക്കോട് |
| ബി. ആർ. സി. | : | അടൂർ |
| വാർഡ് നമ്പർ | : | 23 |
| വിസ്തീർണ്ണം | : | 3 Acres |
| ഫോൺ നമ്പർ | : | 04734-42268772 |
| ഇ മെയിൽ | : | stmarysmmghs@gmail.com |

# ST. MARY'S M. M. H. S, ADOOR

## സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

**ആമുഖം**

മാനവീകതയും മനുഷ്യത്വവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്ന പോരാട്ടമാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. ആധുനിക കേരളം രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചവരും വഹിക്കാനുള്ളവരുമാണ് അദ്ധ്യാപക സമൂഹം. മറ്റ് വികസിത രാജ്യങ്ങളോട് മത്സരിക്കുന്ന ആയുർ ദൈർഘ്യം ഇന്ന് നമുക്കുണ്ട്. ജനാധിപത്യ പരമായ വിദ്യാഭ്യാസക്രമം പിൻതുടരുവാൻ നമുക്ക് കഴിയുന്നു.

മതനിരപേക്ഷമായ വിദ്യാഭ്യാസം കടുത്ത വെല്ലുവിളികൾ നേരിടുന്ന വർത്തമാന കാല സാഹചര്യത്തിൽ വിദ്യാഭ്യാസ പ്രക്രിയയിലൂടെ വളർത്തിക്കൊണ്ട് വരേണ്ട താണ് മതനിരപേക്ഷതയും, ജനാധിപത്യബോധവും, പൗരബോധവും എല്ലാം. വിദ്യാർത്ഥി, വിദ്യാഭ്യാസ കമ്പോളത്തിലെ കാഴ്ച വസ്തുവായി മാറുവാൻ പാടില്ല. ജീവിത ദുരിതങ്ങൾക്കിടയിൽ പഠനം ഉപേക്ഷിക്കുകയോ, പഠനം തുടരുവാൻ സാധിക്കാത്തതോ ആയ അനേകം കുട്ടികൾ ഈ സമൂഹത്തിൽ ഉണ്ടെന്നുള്ള വസ്തുത നാം തിരിച്ചറിയണം. വിദ്യാഭ്യാസം, പഠനത്തിന് ഉതകുന്ന അല്ലെങ്കിൽ തൊഴിൽ കണ്ടെത്താനുള്ള മാർഗ്ഗം എന്ന കാഴ്ചപ്പാട് മാറണം. വിദ്യാഭ്യാസം എന്നത് ഒരു സാമൂഹിക നിയോഗമാണ്. നമ്മുടെ മുന്നിലിരിക്കുന്ന ഒരു കുട്ടിയുടെ യഥാർത്ഥ കഴിവ് എന്താണെന്ന് കണ്ടെത്തുകയും അതിനെ പരിപോഷിപ്പിക്കുകയും ചെയ്യണം. കുട്ടികളിൽ ചരിത്രാവബോധം വളർത്തണം. താൻ എന്താണെന്നും തന്റെ ഉള്ളിലെ കഴിവ് എന്താണെന്നും കുട്ടി അറിയണം. ആ കഴിവുകളെ പരിപോ ഷിപ്പിച്ച് അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നതിലൂടെയാണ് അദ്ധ്യാപനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും പൂർണ്ണതയിൽ എത്തുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് 1962 ൽ ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഇപ്പോൾ ഈ സ്കൂളിന്റെ മാനേജർ ആയി ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ ചുമതല വഹിക്കുന്നു.

പരിസ്ഥിതി ക്ലബ്ബിന്റെ വളരെ മികച്ച പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവരുന്നു. സ്കൂളിൽ വിവിധ കൃഷികൾ ചെയ്യുന്നതോടൊപ്പം വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും വിത്തുകൾ വിതരണം ചെയ്തു വരുന്നു. ദേശാഭിമാനിയുടെ "Seed" എന്ന പദ്ധതിയുമായി സഹകരിച്ച് വാഴകൃഷി നടത്തി വരുന്നു.

സബ് ജില്ലാതല കലോൽസവങ്ങളിലും കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ച വയ്ക്കുന്നു. ഈ വർഷത്തെ സബ് ജില്ലാ സ്പോർട്സ് മത്സരങ്ങളിൽ 16 കുട്ടികൾ പങ്കെടുത്തു. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗത്തിൽ നടന്ന മത്സരങ്ങളിൽ 80 പോയിന്റ് നേടി പെൺകുട്ടികളുടെ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ബാഡ്മിന്റൻ, കബഡി, സോഫ്റ്റ്ബോൾ എന്നീ ടീമുകൾ പരിശീലനം നടത്തിവരുന്നു. അത്‌ലറ്റുകളുടെ പരിശീലനവും നടക്കുന്നു.

കുട്ടികൾക്കുവേണ്ടി വിവിധ കൗൺസലിംഗ് ക്ലാസുകൾ, പഠനയാത്രകൾ, വിനോദ യാത്രകൾ എന്നിവ നടത്തിവരുന്നു. കുട്ടികളിൽ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Communicative English Class സംഘടിപ്പിച്ചുവരുന്നു.

Pre-Matric Scholarship, Merit-cum-Means Scholarship, BPL -OBC- Muslim - Christian Nadar വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ കുട്ടികൾക്ക് ലഭിച്ചുവരുന്നു. ഈ സ്കൂളിൽ P. T. A. യുടെ പ്രവർത്തനങ്ങൾ വളരെ സജീവമായി നടന്നുവരുന്നു. 'നല്ല പാഠം പദ്ധതി' യുടെ ഭാഗമായി വിദ്യാർത്ഥിനികളും P. T. A. യും Staff- ഉം ചേർന്ന് 25,500/ രൂപ സമാഹരിച്ച് ചികിത്സാ സഹായം നൽകി.

**സാമൂഹിക പങ്കാളിത്തം :**

നല്ലപാഠം പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, കൗൺസലിംഗ് ക്ലാസുകൾ, ഗാന്ധി ജയന്തി പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ നടത്തിവരുന്നു.

സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളും പരിസരവും ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നിലവിലെ ഭൗതീകാവസ്ഥ - വിശകലനം

| ക്രമനമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ആഫീസ് മുറി | ഉണ്ട് | നവീകരണം |
| 2. | ക്ലാസ് മുറികൾ | 10 | 5 |
| 3. | പാചകപ്പുര | ഉണ്ട് | നവീകരണം |
| 4. | കുടിവെള്ളം | ഉണ്ട് | |
| 5. | ഭക്ഷണ ശാല | ഇല്ല | |
| 6. | ടോയ്‌ലറ്റുകൾ | ഉണ്ട് | നവീകരണം |
| 7. | ഡിജിറ്റൽ ക്ലാസ് റൂം | 4 | 10 |
| 8. | കംപ്യൂട്ടറുകൾ | 8 | 12 |
| 9. | സയൻസ് ലാബ് | ഉണ്ട് | നവീകരണം |
| 10. | മാത്സ് ലാബ് | ഉണ്ട് | നവീകരണം (digital) |
| 11. | ലൈബ്രറി | ഉണ്ട് | നവീകരണം |
| 12. | കളിസ്ഥലം | ഇല്ല | ആവശ്യമുണ്ട് |
| 13. | ഇലക്ട്രിഫിക്കേഷൻ | ഉണ്ട് | നവീകരണം |
| 14. | ആഡിറ്റോറിയം | ഇല്ല | ആവശ്യമുണ്ട് |

**പൊതുലക്ഷ്യങ്ങൾ :**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന-ദേശീയ-അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തമാക്കും.

3. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തമാക്കും.

4. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവരവരുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കും.

## Talent Lab

വിദ്യാഭ്യാസ രംഗത്ത് പുത്തൻ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ കുട്ടികളേയും കൊണ്ടെത്തിക്കുക എന്ന ലക്ഷ്യത്തിലേക്കാണ് നാം ചുവടുവയ്ക്കുന്നത്. അറിവുകൾ കേവലം പുസ്തകങ്ങളിൽ നിന്ന് മാത്രം എന്ന പഴഞ്ചൻ സങ്കൽപം മാറുകയാണ്. വിവരസാങ്കേതിക വിദ്യയുടെ മുഴുവൻ പ്രയോജനവും ക്ലാസ് മുറികളിൽ കുട്ടിക്ക് പകർന്നു നൽകുവാൻ ഒരുക്കേണ്ടതായുണ്ട്. വിദ്യാഭ്യാസത്തിൽ കുട്ടി ആർജ്ജിക്കേണ്ട എല്ലാവശങ്ങളേയും കുറിച്ച് ഗൗരവമായ പഠനവും ഇടപെടലുകളും നടക്കേണ്ടതായിട്ടുണ്ട്.

ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി അവനിൽ/അവളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി. | വിവിധ കഴിവുകൾ ഉള്ള കുട്ടികളെ യൂണിറ്റുകളായി തിരിക്കുന്നു. (കവിത, കഥ, സാഹിത്യം, കല, കായികം, കരകൗശല വസ്തുക്കളുടെ നിർമ്മാണം) - ജൂൺ രണ്ടാം വാരം. **വിവിധ മത്സരങ്ങൾ** കവിതാ പാരായണം, കഥാ രചന, കവിതാ രചന - ജൂലൈ 4 | മദ്ധ്യകാലം<br>ഹ്രസ്വകാലം | | വിദഗ്ദ്ധ പരിശീലകർക്ക് Remuneration Rs. 10,000/- | P. T. A, M PAT, Teachers |
| 2. | പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് കഴിവ് നേടുന്നതിന് വേണ്ടി. | കൃഷി തോട്ട നിർമ്മാണം - ജൂൺ മാസം<br>സോപ്പ് നിർമ്മാണം, കുട നിർമ്മാണം ഇവ പരിശീലിപ്പിക്കുന്നു. | ദീർഘകാലം<br>ഹ്രസ്വകാലം | | Materials Rs. 2500/- | P. T. A, Teachers |
| 3. | സാഹിത്യം, കവിത, കഥ എന്നീ കഴിവുകൾ ഉള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി | കവിയരങ്ങ്, കവികളുമായി അഭിമുഖം, കാവ്യ സദസ്സ് | | | | |

## ഭാഷ (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)

1. ആശയം തെറ്റുകൂടാതെ എഴുതുവാനും വായിക്കുവാനുമുള്ള അറിവ് നേടൽ.

2. വായനാ സാമഗ്രികൾ വായിച്ച് കുറിപ്പ് തയ്യാറാക്കുവാനുള്ള അറിവ് നേടൽ.

3. വായനാ ശീലം വളർത്തുന്നതിനായി Open Library സ്ഥാപിക്കും.

4. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നിവ അനായാസം സംസാരിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കും.

5. 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം' എന്നീ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കും.

6. ഡിജിറ്റൽ ക്ലാസ്സ് റൂം വഴിയുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ.

7. I. C. T സഹായത്തോടെ അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉറപ്പിക്കുന്നതിന് പ്രത്യേക പ്രോഗ്രാമുകൾ തയ്യാറാക്കും.

8. മത്സര പരീക്ഷകൾ, ക്വിസ്, പത്രവായന ഇവ സംഘടിപ്പിക്കൽ.

9. കുട്ടികളിലെ കഥ, കവിത പോലെയുള്ള സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവരെ യൂണിറ്റുകളായി തിരിച്ച് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |


English

## മേഖല – കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് രക്ഷാകർത്താക്കളിൽ ഇംഗ്ലീഷ് മീഡിയത്തോട് ആഭിമുഖ്യം കൂടുകയും മലയാളം മീഡിയത്തിന് ഒരു പിന്നോക്കാവസ്ഥ അനുഭവപ്പെടുകയും ചെയ്തപ്പോൾ സ്കൂളിൽ വന്നുചേരുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രക്ഷകർത്താക്കളുമായി ചർച്ച ചെയ്ത് 2015 - 16 അധ്യയന വർഷത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന അഡീഷണൽ ഇംഗ്ലീഷ് പരിശീലനം ആരംഭിച്ചു. 5 തുടങ്ങി 8 വരെയുള്ള ക്ലാസുകളിൽ ആഴ്ചയിൽ 2 പിരീഡ് എന്ന ക്രമത്തിൽ ക്ലാസുകൾ നടത്തിവരുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മാതൃഭാഷ പോലെ തന്നെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. | കുട്ടികളോട് അവരുടെ ജീവിത അഭിലാഷം എന്തെന്ന് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (I have a dream) | അക്കാദമിക വർഷം | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അധ്യാപിക | |
| 2) ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ. | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സ്പീച്ച്, സ്കിറ്റ് അവതരണം. മൂല്യാധിഷ്ഠിത പ്രസംഗം. ഇംഗ്ലീഷ് മാർച്ച് എന്നിവയുടെ അവതരണം. (മീഡിയം വ്യത്യാസമില്ലാതെ ഇംഗ്ലീഷ്, മലയാളം മുഴുവൻ കുട്ടികൾക്കും) | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | രക്ഷകർത്താക്കൾ |

- Information Corner
- Create an attitude of writing skill in the students
- There will a decorated notice board for the students where they can expose their own creative writings according to their ability through out the year

## മേഖല – വായന

- അവധിക്കാലത്ത് വരും വർഷത്തേക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച് അവയെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു.
- കഥ, കവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തി എടുക്കുന്നു.
- സംസ്ഥാന തലത്തിലേക്ക് വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
- പ്രസംഗമത്സരം ക്വിസ് മത്സരം ഉപന്യാസ മത്സരം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
- വായന ദിനവും വായന വാരാഘോഷവും പ്രശസ്തരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിധ്യം ഉറപ്പ് വരുത്തിക്കൊണ്ട് സമുചിതമായ ആചരിക്കപ്പെടുന്നു.

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്ലാസ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | - |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets- യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# हिंदी

## മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

# സോഷ്യൽ സയൻസ്

* കുട്ടികളെ പൗരബോധമുള്ളവരാക്കുന്നതിനും, മനുഷ്യാവകാശസംരക്ഷണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുവാൻ കുട്ടികളെ പ്രാപ്തമാക്കുന്നതിനും സഹായകമായ വിവിധ പ്രോഗ്രാമുകൾ ആവിഷ്കരിക്കും.

* മുനിസിപ്പാലിറ്റി, പോലീസ്, സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും അങ്ങനെ ദേശസ്നേഹവും ധാർമ്മിക ബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് സാധിക്കും.

* ലൈബ്രറിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തരത്തിൽ I. C. T. സാധ്യതകളെ വിപുലപ്പെടുത്തും.

* പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുവാൻ കഴിയുന്ന ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവ ഭൂപടം രൂപീകരിക്കൽ എന്നിങ്ങനെയുള്ള പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കും.

* കുട്ടികളിൽ നിയമാവബോധം ഉണ്ടാക്കുന്നതിനായി നിയമവിദഗ്ദ്ധരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കും. ഫീൽഡ് ട്രിപ്പുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കും. കുട്ടികളെ സംസ്ഥാന - ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

* മറ്റ് സ്കൂളുമായി ചേർന്ന് സോഷ്യൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കും.

* ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും.

* പാഠപുസ്തകവുമായി ബന്ധപ്പെട്ട് ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കും.

* 8, 9, 10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനങ്ങൾ സംഘടിപ്പിക്കും.



## മേഖല - സോഷ്യൽ സയൻസ്

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ജനാധിപത്യ ബോധമുള്ള, പൗരബോധമുള്ള, സ്വന്തം കടമകളെപ്പറ്റി ബോധമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി | Social Science Fest : June - 2nd Week<br>പ്രദർശനങ്ങൾ,<br>പ്രസംഗം,<br>ക്വിസ്<br>- ജനുവരി ആദ്യ ആഴ്ച | ഹ്രസ്വകാലം | | 2500/- | H. M,<br>P. T. A,<br>Teachers |
| 2. | പ്രപഞ്ചം എന്ന മഹാ അത്ഭുതത്തെപ്പറ്റി ധാരണ കൈവരിക്കുന്നതിനായി | ഡിജിറ്റൽ ആൽബം<br>: ഓഗസ്റ്റ് - സെപ്റ്റംബർ<br>ഡിജിറ്റൽ ലൈബ്രറി | ഹ്രസ്വകാലം | പുസ്തകങ്ങൾ | 5000/- | പൂർവ്വ-വിദ്യാർത്ഥികൾ, അദ്ധ്യാപകർ |
| 3. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം. | വിദഗ്ദ്ധരുമായി ചർച്ച : ആദ്യ ടേം<br>പഠനയാത്ര : ഒക്ടോബർ ആദ്യവാരം<br>ചരിത്ര ആൽബം നിർമ്മിക്കുന്നു.<br>- പ്രദർശനം: ജനുവരി | ഹ്രസ്വകാലം | | 2000/- | |
| 4. | കുട്ടികളിൽ നിയമാവബോധം ഉണ്ടാക്കുന്നതിനായി | വിദഗ്ദ്ധരുടെ സഹായത്തോടെ<br>ക്ലാസ് : ജൂൺ മൂന്നാം ആഴ്ച<br>ഫീൽഡ് ട്രിപ്പ്,<br>ക്വിസ് മത്സരം : ജൂലൈ<br>ചർച്ച : ഓഗസ്റ്റ് | ഹ്രസ്വകാലം | Subject Experts | 2500/- | അദ്ധ്യാപകർ |
| 5. | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികൾ ആക്കുന്നതിനും അങ്ങനെ ദേശസ്നേഹവും ധാർമ്മിക ബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും | തെരുവുനാടകം<br>- ജൂലൈ മൂന്നാം ആഴ്ച<br>സർവ്വേ<br>- നവംബർ മുതൽ ഡിസംബർ വരെ<br>ക്ലാസ്സ് പതിപ്പിന്റെ പ്രദർശനം | ഹ്രസ്വകാലം | | | |

## പ്രവൃത്തി പരിചയം

* കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വാസനകളെ പുറത്തുകൊണ്ടുവരുന്നതിനായി പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കും.

* കുട്ടികൾ ഉണ്ടാക്കുന്ന വിവിധ സാധനങ്ങൾ ശേഖരിച്ച് ഒരു മ്യൂസിയം ക്രമീകരിക്കുന്നതാണ്.

* കുട്ടികൾക്ക് കുടനിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ സ്വായത്തമാക്കുന്നതിന് ക്ലാസുകൾ ക്രമീകരിക്കും

* പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഒരു സ്വയം തൊഴിൽ ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കും

* കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനായി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കും.

* കുട്ടികളെ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കും.



മേഖല - പ്രവൃത്തിപരിചയം

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി | a). Exhibition - ജൂൺ രണ്ടാമത്തെ ആഴ്ച<br>b). കുട്ടികൾ ഉണ്ടാക്കുന്ന വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഒരു മ്യൂസിയം.<br>c). മറ്റ് സ്കൂളുകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള മത്സരങ്ങൾ. - ജനുവരി ആദ്യ ആഴ്ച (ജനുവരി 4) | ഹ്രസ്വകാലം | ഷെൽഫ്, മെറ്റീരിയൽസ് | 10000/- | പൂർവ്വ-വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി. റ്റി. എ. |
| 2. | പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് കഴിവ് നേടുക. | a). കര കൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക ക്ലാസുകൾ 1st Term<br>b). കുട നിർമ്മാണ ക്ലാസുകൾ 2nd Term<br>c). സോപ്പ് നിർമ്മാണം 3rd Term | ഹ്രസ്വകാലം | മെറ്റീരിയൽസ് (കുട, സോപ്പ്) | 10000/- | പി. റ്റി. എ. അദ്ധ്യാപകർ |
| 3. | കുട്ടികളെ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുവേണ്ടി | a). വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം: ജൂൺ - ജൂലൈ<br>b). ക്ലാസ്സ് അടിസ്ഥാനത്തിൽ മത്സരം - ആഗസ്റ്റ് ആദ്യ ആഴ്ച | ഹ്രസ്വകാലം | | 1000/- | പി. റ്റി. എ, പൂർവ്വ-വിദ്യാർത്ഥികൾ |

## അക്കാദമിക് പ്രവർത്തനങ്ങൾ

### ഗണിതശാസ്ത്രം

* കുട്ടികളുടെ അറിവിന്റെ പാതയിലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കുവാനും സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ വളർത്തുവാനും ഗണിത ശാസ്ത്ര അദ്ധ്യാപകർക്ക് സാധിക്കും.

* ഗണിത പഠനത്തിൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പുതിയ ആശയങ്ങൾ രൂപീകരിക്കുന്നതിനും പഠിച്ച ആശയങ്ങളെ പ്രയോജനപ്പെടുത്തുന്നതിനും സാധിക്കണം.

* പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാകുന്ന ഗണിത ലാബ് സജ്ജീകരിക്കുന്നു.

* നൂതന സാങ്കേതിക വിദ്യകൾ വികസിക്കുന്നതനുസരിച്ച് ലാബ്, ലൈബ്രറി ഇവ വികസിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നു.

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ട പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കും.

* ക്ലബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.

* ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കും.

* ഗവേഷണ പ്രവർത്തനങ്ങൾക്ക് താത്പര്യം ഉണ്ടാക്കുന്നതിന് വിവിധ പ്രൊജക്ടുകൾ ചെയ്യിക്കുന്നു.

* ഗണിത പഠനത്തിൽ I. C. T. സാധ്യതകൾ ഉപയോഗപ്പെടുത്തി ഗണിത പഠനം കൂടുതൽ എളുപ്പവും ആസ്വാദ്യകരവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതാണ്.



## മേഖല - ഗണിതശാസ്ത്രം

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ഗണിതപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി<br><br>**ഉപലക്ഷ്യം** | a). നിലവാരം അളക്കുന്നതിന് പ്രീ-ടെസ്റ്റ് -ജൂൺ ആദ്യ ആഴ്ച<br><br>b). ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിന് (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) | ഹ്രസ്വകാലം | ചാർട്ട് പേപ്പർ | 200/- | അദ്ധ്യാപകർ |
| 2. | ജാമിതീയ രൂപങ്ങൾക്ക് നിത്യജീവിതത്തിൽ ഉള്ള പങ്ക് മനസ്സിലാക്കുന്നതിന് | c). ജാമിതീയ രൂപങ്ങളുടെ പ്രദർശനം - ഓഗസ്റ്റ് 18<br><br>d). കോണുകൾ ഉറപ്പിക്കുന്നതിനായി വിവിധ അളവിലും ആകൃതിയിലും ഉള്ള ജാമിതീയ ചിത്രങ്ങളുടെ നിർമ്മാണം. - ആദ്യ ടേം<br><br>വിവിധ ആകൃതിയിലുള്ള വസ്തുക്കളുടെ സർവ്വേ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു.<br><br>വീട്ടിൽ ഉള്ള നിത്യോപയോഗ സാധനങ്ങളുടെ അളവെടുത്ത് ലിസ്റ്റ് ചെയ്യുന്നു. അവതരിപ്പിക്കുന്നു. (വാഹനങ്ങൾ) - ഒക്ടോബർ | | | | |

# നാച്ചറൽ സയൻസ്

* സ്കൂൾ പഠനകാലം ഏറ്റവും പ്രധാനപ്പെട്ട ഒരു സമയം ആണ്. ഈ സമയത്ത് കൗമാര വിദ്യാഭ്യാസത്തിന് വളരെയേറെ പ്രസക്തിയുണ്ട്.

* ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കും. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കും.

* കുട്ടികൾക്കുണ്ടാകുന്ന സംശയങ്ങൾ, അവ്യക്തതകൾ എന്നിവ ദൂരീകരിക്കുന്നതിനായി ഡോക്ടർമാരുമായി അഭിമുഖം, ചർച്ച എന്നിവ സംഘടിപ്പിക്കും.

* സമഗ്രമായ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനും, പരിസ്ഥിതി തകർച്ചയ്ക്കു കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകളെ സംബന്ധിച്ചും കുട്ടികൾക്ക് വ്യക്തത ഉണ്ടാകുന്നതിനുമായി ക്ലാസുകൾ സംഘടിപ്പിക്കും.

* വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുക, ഔഷധ തോട്ടം നിർമ്മിക്കുക, പച്ചക്കറിത്തോട്ടം ഉണ്ടാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും.

* ജൈവ കീടനാശിനി പ്രയോഗം, വിഷവിമുക്തമായ പച്ചക്കറികളുടെ ഉൽപ്പാദനം എന്നിവ എങ്ങനെ എന്ന് മനസ്സിലാക്കുന്നതിനായി ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കും.

* മികച്ച കർഷകരെ ആദരിക്കൽ, ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കും.

* ലാബിന്റെ പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും ഉപയോഗപ്രദമായ രീതിയിൽ വിപുലീകരിക്കും. കുട്ടികൾക്ക് അറിവ് നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കികൊടുക്കും.



## മേഖല - നാച്വറൽ സയൻസ്

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ശാരീരിക ഘടനയെപ്പറ്റിയും വളർച്ചാ ഘട്ടങ്ങളെപ്പറ്റിയും അവബോധം ഉണ്ടാകുന്നതിനുവേണ്ടി<br><br>**ഉപലക്ഷ്യം**<br>ആരോഗ്യം, ശുചിത്വം, എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കുക. | a). I. C. T. സഹായത്തോടെ ക്ലാസുകൾ<br>- ജൂൺ രണ്ടാം ആഴ്ച<br>b). കൗൺസിലിംഗ് ക്ലാസുകൾ<br>- ജൂലൈ ആദ്യ ആഴ്ച<br>c). ഡോക്ടർമാരുമായി സംവാദം<br>- ആഗസ്റ്റ് ആദ്യ ആഴ്ച | ഹ്രസ്വകാലം | പ്രൊജക്ടർ<br><br>ലാപ് ടോപ് | 2500/- | പി. റ്റി. എ.<br><br>ആശുപത്രികൾ |
| 2. | സമഗ്രമായ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനും, പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നേടുന്നതിനുമായി.<br><br>**ഉപലക്ഷ്യം**<br>പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള അവബോധം ഉണ്ടാകുന്നതിനുവേണ്ടി | ക്ലാസുകൾ : ജൂൺ രണ്ടാം ആഴ്ച<br>സെമിനാറുകൾ<br><br>ഔഷധതോട്ടനിർമ്മാണം<br>- ജൂൺ മുതൽ മാർച്ച് വരെ<br><br>ഫീൽഡ് ട്രിപ്പ്<br>- ആഗസ്റ്റ് രണ്ടാം ആഴ്ച<br><br>സഹവാസ ക്യാമ്പുകൾ<br>- ഏപ്രിൽ മൂന്നാം ആഴ്ച | ഹ്രസ്വകാലം<br><br>മധ്യകാലം<br><br>ഹ്രസ്വകാലം | ഔഷധ ചെടികൾ, ചെടിച്ചട്ടികൾ<br><br>സ്ഥലം, താമസസൗകര്യങ്ങൾ | 10000/-<br><br>12000/- | പി. റ്റി. എ. പൂർവ്വ- വിദ്യാർത്ഥി- കൾ, അദ്ധ്യാപകർ<br><br>പി. റ്റി. എ. അദ്ധ്യാപകർ |
| 3. | കുട്ടികളിൽ ശാസ്ത്ര അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി | a). ലാബിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. എല്ലാ കുട്ടികൾക്കും ലാബിൽ വച്ച് പരീക്ഷണം ചെയ്യുന്നതിനുള്ള അവസരം<br>b). ഡിജിറ്റൽ ലൈബ്രറി<br>c). വായനകുറിപ്പുകൾ<br>ശാസ്ത്ര ആൽബം, ചുവർ ചിത്രങ്ങൾ എന്നിവ നിർമ്മിക്കുക.<br>- ജനുവരി മുതൽ ഡിസംബർ വരെ | മധ്യകാലം | പരീക്ഷണത്തിനാവശ്യമായ സാമഗ്രികൾ<br><br>ഷെൽഫുകൾ പുസ്തകങ്ങൾ | 25000/- | മാനേജർ, പി. റ്റി. എ. അദ്ധ്യാപ- കർ |

## മേഖല - ഫിസിക്കൽ സയൻസ്

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ശാസ്ത്ര പഠനം അനായാസവും കൗതുകപരവും ആക്കുന്നതിനുവേണ്ടി<br><br>*ഉപലക്ഷ്യം*<br>ശാസ്ത്ര അഭിരുചി വളർത്തത്തക്ക വിധം ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും, നിത്യജീവിതത്തിൽ ശാസ്ത്രപ്രാധാന്യം, ശാസ്ത്ര അവബോധം എന്നിവ വളർക്കുന്നതിനും. | ശാസ്ത്രാഭിരുചി വളർത്തുന്നതിനാവശ്യമായ പുസ്തകങ്ങൾ ക്ലാസ്സുകളിൽ ക്രമീകരിക്കും.<br><br>ഡിജിറ്റൽ ലൈബ്രറി ക്രമീകരിക്കും.<br>:ജൂൺ - ജൂലൈ<br><br>ശാസ്ത്ര വിഷയങ്ങളിൽ പ്രാഗത്ഭ്യം ഉള്ളവരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിക്കും.<br>-ആഗസ്റ്റ് ആദ്യ ആഴ്ച | ഹ്രസ്വകാലം<br><br>ഹ്രസ്വകാലം | ഷെൽഫ്<br><br>പുസ്തകങ്ങൾ<br><br>പ്രൊജക്ടർ, ഐ. സി. റ്റി. | 5000/-<br><br>10000/-<br><br>1000/- | പൂർവ്വ-വിദ്യാർത്ഥികൾ, പി. റ്റി. എ. വിദ്യാർത്ഥി-കൾ<br><br>അദ്ധ്യാപകർ |
| 2. | ദേശീയ നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും<br><br>*ഉപലക്ഷ്യം*<br>ശാസ്ത്രവുമായി ബന്ധപ്പെട്ട് വിവിധ ഉപകരണങ്ങൾ/മോഡലുകൾ സ്വയം തയ്യാറാക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും, എല്ലാ കുട്ടികളും ലാബിലേക്ക് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും | സംവാദം<br>സയൻസ് ലാബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തി കുട്ടികൾക്ക് പരീക്ഷണം ചെയ്യുന്നതിന് ഒരുക്കും.<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക പ്രോഗ്രാമുകൾ<br><br>ക്വിസ്,<br>സെമിനാർ,<br>ശാസ്ത്ര പ്രദർശനങ്ങൾ<br>-രണ്ടാം ടേം. | മധ്യകാലം<br><br>ഹ്രസ്വകാലം | പരീക്ഷണത്തിനുവേണ്ട ഉപകരണങ്ങൾ | 15000/- | മാനേജർ, പിറ്റി. എ., S. M. C. |

# ആരോഗ്യ - കായിക വിദ്യാഭ്യാസം

* ആരോഗ്യമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ ആരോഗ്യ കായിക വിദ്യാഭ്യാസം മുഖ്യമായ പങ്ക് വഹിക്കുന്നു.

* സ്കൂൾ അസംബ്ലി മുതൽ തന്നെ ഇത് നമുക്ക് പ്രാവർത്തികമാക്കുന്നതിന് സാധിക്കും. ഓരോ ക്ലാസ്സുകാർ ആണ് നിലവിൽ അസംബ്ലി നടത്തുന്നത്. നിലവിൽ ഉള്ള ക്രമീകരണങ്ങൾ കൂടാതെ യോഗ, എയ്റോബിക്സ് എന്നിവ ഇതിൽ ഉൾപ്പെടുത്തും.

* എല്ലാ കുട്ടികൾക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രത്യേക പ്രോഗ്രാമുകൾ ക്രമീകരിക്കും.

* കുട്ടികളുടെ ശ്രദ്ധയും ഏകാഗ്രതതയും വർദ്ധിപ്പിക്കുന്നതിനായി യോഗാ ക്ലാസുകൾ ക്രമീകരിക്കും. എയ്റോബിക്സ് ക്ലാസുകൾ, വെൽനെസ്സ് പ്രോഗ്രാം എന്നിവ ക്രമീകരിക്കും. ഇതിനായി ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ലാബ് പ്രത്യേകമായി ക്രമീകരിക്കും. അവിടെ കുട്ടികൾക്ക് എപ്പോൾ വേണമെങ്കിലും വരുന്നതിനും അവരവർക്ക് ആവശ്യമായ ആരോഗ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സാധിക്കും.

* നിലവിൽ വളരെ കുറച്ച് കായിക ഉപകരണങ്ങളും പരിമിതമായ സ്ഥലസൗകര്യവും ആണ് ഉള്ളത്. ഇത് വികസിപ്പിക്കുന്നതിനാൽ എം. എൽ. എ. - എം. പി. ഫണ്ടുകൾ ലഭിക്കുന്നതിനുള്ള പ്രൊജക്ടുകൾ നൽകുന്നതാണ്.

* നീന്തൽ പഠിക്കുന്നതിന് താത്പര്യമുള്ള കുട്ടികൾക്ക് നീന്തൽ പഠിക്കുന്നതിനുള്ള ക്രമീകരണം ചെയ്യും. വിദ്യാർത്ഥിനികൾ മാത്രം പഠിക്കുന്ന ഈ സ്കൂളിൽ സ്ത്രീ സുരക്ഷക്ക് വളരെയേറെ പ്രാധാന്യം ഉണ്ട്.

* കുട്ടികളുടെ സ്വയരക്ഷയ്ക്കുവേണ്ടിയുള്ള ആയോധന കലകൾ പഠിക്കുന്നതിനുള്ള ക്രമീകരണം ചെയ്യും.

* കായിക ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കും.

* സ്പോർട്സ് & ഗെയിംസിൽ പ്രത്യേക താത്പര്യമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും അവരെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യും.

* I. C. T. സാധ്യതകൾ ഉപയോഗിച്ച് വിവിധ കളികളുടെ വീഡിയോ കുട്ടികളെ കാണിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കും.

* കുട്ടികളിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകൾ തമ്മിലും തൊട്ടടുത്തുള്ള സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ടും മത്സരങ്ങൾ സംഘടിപ്പിക്കും.

* പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന ക്ലാസുകൾ ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.



മേഖല : ആരോഗ്യ - കായിക വിദ്യാഭ്യാസം

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളും ആരോഗ്യം കൈവരിക്കുന്നതിന് | ആരോഗ്യനില മനസ്സിലാക്കുന്നതിന് പ്രീ-ടെസ്റ്റ് - ജൂൺ രണ്ടാമത്തെ ആഴ്ച<br>യോഗ ക്ലാസ്, എയ്റോബിക് ക്ലാസ് എന്നിവ ചെയ്യിക്കുന്നു.<br>ജൂൺ മുതൽ ഡിസംബർ വരെ | ഹ്രസ്വകാലം | Ground Yoga Mat. Fitness Equip- ments. | Yoga Mat - 5000/-<br>Music- Systems 2500/- | P. T. A, Manager |
| | ഉപലക്ഷ്യം:<br>എല്ലാ കുട്ടികളേയും ഏതെങ്കിലും ഫിസിക്കൽ ആക്ടിവിറ്റിയിൽ പങ്കെടുപ്പിക്കുന്നതിനായി | കുട്ടികൾക്കായി പ്രത്യേകം ഫിറ്റ്നസ് പ്രോഗ്രാം നടപ്പിലാക്കുന്നു.<br>Sit - Ups,<br>Sit & Reach,<br>30 Mts. Fly,<br>Shuttle Run,<br>Push Up - 4 എണ്ണം ഒരു കുട്ടി ചെയ്യണം<br>Grading System, - June to March | ദീർഘകാലം | Mat, Sit & Reach Equipments. | 1000/-<br>2000/- | P. T. A, Manager |
| | ഭിന്നശേഷിക്കാരായ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി | മൈനർ ഗെയിമുകൾ - June to March | മധ്യകാലം | | | Teachers, P. T. A. |
| 2. | Highly Talented ആയ കുട്ടികളെ സംസ്ഥാന - ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി | 'ഉണർവ്' എന്ന പേരിൽ പ്രത്യേക പരിശീലനം. വിദഗ്ദ്ധ പരിശീലകരുടെ സേവനം ലഭ്യമാക്കും. | Preparatory Period Completion Period - Off Season | Sports Kit, Hurdles Ladders, Fitness Equipments | 5000/-<br>3000/-<br>700/-<br>20000/- | M. P. Fund, M.L.A. Fund, Manager, P. T. A. |

## മേഖല : ആരോഗ്യ - കായിക വിദ്യാഭ്യാസം

| നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 3. | കുട്ടികളെ നീന്തൽ പരിശീലിപ്പിക്കുന്നതിനുവേണ്ടി | നീന്തൽ പഠിക്കുന്നതിന് താത്പര്യമുള്ള കുട്ടികൾക്ക് 'ഗ്രീൻവാലി സ്വിമ്മിംഗ് പൂളി'ൽ പ്രത്യേക പരിശീലനം<br>- ജൂലൈ മുതൽ ഒക്ടോബർ വരെ | ഹ്രസ്വകാലം | പരിശീലകർ,<br>കിറ്റ് | 10000/- (Per Month)<br>700/- | P. T. A, Teachers |
| 4. | പെൺകുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയരക്ഷ നേടുന്നതിനും വേണ്ടി | ആയോധനകലകൾ അഭ്യസിപ്പിക്കുന്നു. കൗൺസിലിംഗ് ക്ലാസുകൾ.<br>- 3 മാസ കോഴ്സ് | ഹ്രസ്വകാലം | വിദഗ്ദ്ധ-പരിശീലകർ, മാറ്റ് | Remuneration 10000/- (Per Month)<br>10000/- | Manager, P. T. A. |
| 5. | അന്യം നിന്നുപോകുന്ന നാടൻ കളികൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി | വീഡിയോ പ്രദർശിപ്പിക്കുന്നു.<br>'കിളിത്തട്ട്' മത്സരം<br>നവംബർ ആദ്യആഴ്ച | ഹ്രസ്വകാലം | | | P. T. A, Teachers |
| 6. | കുട്ടികളെ ഏതെങ്കിലും കളികളിൽ പങ്കാളികളാക്കുന്നതിനുവേണ്ടി. | വോളി ബോൾ,<br>ബാഡ്മിന്റൺ,<br>കബഡി എന്നിവ പ്രത്യേകം പരിശീലിപ്പിക്കുന്നു.<br>കബഡി മൽസരം - ജനുവരി 10 | ദീർഘകാലം | വിദഗ്ദ്ധ പരിശീലകർ | Remuneration 20000/- | Sponsors, P. T. A, Teachers |

## കാഴ്ചപ്പാടുകൾ

* അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

* മണ്ണും ജലവും സംരക്ഷിക്കുവാൻ കുട്ടികൾ മുന്നോട്ടുവരത്തക്ക രീതിയിൽ ക്ലബുകളുടെ പ്രവർത്തനം സജീവമാക്കും.

* കാർഷിക പ്രവർത്തനങ്ങളും ഔഷധ തോട്ടങ്ങളും നിർമ്മിക്കും.

* മാലിന്യ നിർമ്മാർജ്ജനപദ്ധതികൾ ക്രമീകരിക്കും.

* കുട്ടികളുടെ സർഗ്ഗവാസനകൾ ഉൾപ്പെടുത്തിയുള്ള പ്രസിദ്ധീകരണങ്ങൾ ആരംഭിക്കും.

* ആധുനിക ലാബുകൾ സജ്ജമാക്കും.

* വിദ്യാലയത്തിന്റെ കേന്ദ്ര ഏരിയകൾ കേന്ദ്രീകരിച്ച് പ്രാദേശിക പി. റ്റി. എ. രൂപീകരിക്കും.

* കുട്ടികൾക്ക് ഭാഷാ പരിശീലനം നൽകും.

* നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കാൻ കൈത്താങ്ങൽ പദ്ധതികൾ ആരംഭിക്കും.

* സ്കൂൾ ഒരു ടാലന്റ് ലാബ് ആയി ഉയർത്തും.

* കലാ കായിക രംഗത്ത് ദേശീയ നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തുന്നതിന് പരിശ്രമിക്കും.



# ലഹരി വിരുദ്ധ ബോധവൽക്കരണ മാസ്റ്റർ പ്ലാൻ

## "തെളിവാനം: ലഹരിയുടെ ഇരുളകറ്റി, അറിവിൻ വെളിച്ചം"

**ലക്ഷ്യം:**

മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകുക, അവയിൽ നിന്ന് അകന്നുനിൽക്കാൻ അവരെ പ്രാപ്തരാക്കുക, ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക.

**നേതൃത്വം:**

മലയാളംക്ലബ്ബ്, സ്കൂൾ കൗൺസിലർ/അധ്യാപകർ.

**കാലയളവ്:**

ജൂൺ - മാർച്ച് (മാസത്തിൽ ഒരു പരിപാടി)

| കാലം | വിഷയം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ<br>ലഹരിയെ അറിയാം - ഒരു ആമുഖം: | എന്താണ് ലഹരി?<br>വിവിധതരം ലഹരി പദാർത്ഥങ്ങളും അവയുടെ രാസഘടനയും | • ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ഡോക്യുമെന്ററി പ്രദർശനം.<br>• ലഹരിക്ക് അടിമപ്പെട്ടവരുടെ അനുഭവങ്ങളെക്കുറിച്ചുള്ള ലഘു വിവരണം/<br>• ലഹരിയെക്കുറിച്ചുള്ള ഓപ്പൺ ഫോറം ചർച്ച. |
| ജൂലൈ<br>ആരോഗ്യം, മാനസികാരോഗ്യം, ലഹരി - ആഴത്തിലുള്ള പഠനം | ലഹരി എങ്ങനെ നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ തകർക്കുന്നു?<br>ലഹരിയും വിഷാദവും ഉത്കണ്ഠയും തമ്മിലുള്ള ബന്ധം. | • "ലഹരി വരുത്തുന്ന രോഗങ്ങൾ" എന്ന വിഷയത്തിൽ പവർപോയിന്റ് അവതരണം.<br>• മാനസികാരോഗ്യ വിദഗ്ദ്ധന്റെ/കൗൺസിലറുടെ പ്രഭാഷണം: ലഹരി എങ്ങനെ മാനസികാരോഗ്യത്തെ ബാധിക്കുന്നു.<br>• ലഹരി വിരുദ്ധ ഗാനരചന/കവിതാരചന മത്സരം |

| | | |
|---|---|---|
| ഓഗസ്റ്റ് തെറ്റിദ്ധാരണകളും സാമൂഹിക യാഥാർത്ഥ്യങ്ങളും | ലഹരിയെക്കുറിച്ചുള്ള സാമൂഹികമായ തെറ്റിദ്ധാരണകൾ, മാധ്യമങ്ങളുടെ സ്വാധീനം, ലഹരി വ്യാപാരത്തിന്റെ രീതികൾ | • ലഹരി വിരുദ്ധ വിഷയത്തിൽ ഒരു നാടകം/തെരുവുനാടകം അവതരിപ്പിക്കുക.<br>• ലഹരിയെ മഹത്വവത്കരിക്കുന്ന സിനിമ/പരസ്യ രംഗങ്ങളുടെ വിമർശനാത്മക വിശകലനം.<br>• "ലഹരിയുടെ കെണി" എന്ന വിഷയത്തിൽ ഉപന്യാസ മത്സരം. |
| സെപ്റ്റംബർ "നോ" പറയാനുള്ള ആർജ്ജവം | സമപ്രായക്കാരുടെ സമ്മർദ്ദം, ലഹരി വാഗ്ദാനങ്ങളെ എങ്ങനെ ചെറുക്കാം, ആത്മവിശ്വാസം വളർത്തേണ്ടതിന്റെ പ്രാധാന്യം. | • "നോ" പറയാനുള്ള തന്ത്രങ്ങൾ പഠിപ്പിക്കുന്ന ശിൽപശാല (Workshop).<br>• ലഹരി വിരുദ്ധ ഫ്ലാഷ് മോബ്/ചെയിൻ മെസ്സേജ് ക്യാമ്പയിൻ.<br>• ലഹരിക്ക് "നോ" പറയാൻ പ്രോത്സാഹിപ്പിക്കുന്ന "ഷോർട്ട് ഫിലിം" നിർമ്മാണം. |
| ഒക്ടോബർ നിയമവശങ്ങളും സൈബർ സുരക്ഷയും | ലഹരി ഉപയോഗം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട കർശനമായ നിയമങ്ങൾ, സൈബർ ഇടങ്ങളിലെ ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ. | • പോലീസ് ഉദ്യോഗസ്ഥൻ/സൈബർ സെൽ പ്രതിനിധിയുടെ ക്ലാസ്: ലഹരി നിയമങ്ങളും സൈബർ സുരക്ഷയും.<br>• ലഹരി നിയമങ്ങളെക്കുറിച്ചുള്ള "കേസ് സ്റ്റഡി അവതരണം".<br>• സൈബർ സുരക്ഷാ ബോധവൽക്കരണവും ലഹരി വിരുദ്ധ സന്ദേശവും ഉൾക്കൊള്ളുന്ന ലഘുലേഖ നിർമ്മാണം. |
| നവംബർ ആരോഗ്യകരമായ ബദലുകൾ | കായികം, കല, സാഹിത്യം, സാമൂഹ്യപ്രവർത്തനം തുടങ്ങിയ ക്രിയാത്മകമായ വഴികളിലൂടെ ലഹരിയെ എങ്ങനെ അതിജീവിക്കാം. | • വിവിധ ഹോബികളെയും ക്രിയാത്മക പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്ന "പ്രദർശനം/പ്രസന്റേഷൻ".<br>• വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള അവസരം (ഉദാ: കായിക പരിശീലകർ, കലാകാരന്മാർ എന്നിവരെ ക്ഷണിക്കുക).<br>• ലഹരിയിൽ നിന്ന് മോചിതരായവരുടെ ജീവിത വിജയകഥകൾ ചർച്ച ചെയ്യുക. |

# പൊതുമുതൽ സംരക്ഷണം മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | നേതൃത്വം | കാലയളവ് |
|---|---|---|
| പൊതുമുതൽ സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക | അധ്യാപകർ ക്ലാസിൽ ലീഡർ വിദ്യാർത്ഥി സമിതി | ജൂൺ മുതൽ ഫെബ്രുവരി വരെ . |
| കാലം | വിഷയം | പ്രവർത്തനം |
| ജൂൺ | ബോധവത്കരണം | പൊതുമുതൽ എന്നത് എന്താണ് ക്ലാസ് സംഭാഷണം |
| ജൂലൈ | പൊതുമുതൽ ശേഖരണം | സ്കൂളിലെ നാശപ്പെട്ട പൊതുവസ്തുക്കളുടെ രേഖപ്പെടുത്തൽ |
| ആഗസ്റ്റ് | പോസ്റ്റർ നിർമ്മാണം | പൊതുമുതൽ നമ്മുടെ സമ്പത്ത് എന്ന വിഷയത്തെക്കുറിച്ച് പോസ്റ്റർ നിർമ്മിക്കുക |
| സെപ്റ്റംബർ | ചിത്രപ്രദർശനം | ബിഫോർ ആൻഡ് ആഫ്റ്റർ സംരക്ഷണ പ്രവർത്തനങ്ങൾ |
| ഒക്ടോബർ | ക്യാമ്പയിൻ | ഞാൻ സംരക്ഷിക്കും പ്രതിജ്ഞ വെള്ളം വൈദ്യുതി തുടങ്ങിയവ |
| നവംബർ | സംരക്ഷണ പ്രവർത്തികൾ | സ്കൂൾ ഗ്രന്ഥശാല പഴയ വിദ്യ സാധനങ്ങൾ സംരക്ഷിക്കുക |
| ഡിസംബർ | അവലോകന സമ്മേളനം | പ്രാദേശിക സമൂഹത്തിന് സമ്മേളനങ്ങൾ സംഘടിപ്പിക്കുക |
| ജനുവരി | എക്സിബിഷൻ | സ്കൂളിലെ പൊതുമുതലുകളുടെ എക്സിബിഷൻ |
| ഫെബ്രുവരി | മൂല്യനിർണയം | പുരസ്കാരങ്ങൾ നൽകുക മികച്ച സംരക്ഷണ ക്ലാസ് മികച്ച കുട്ടി |

| | | |
|---|---|---|
| ഡിസംബർ<br>ലഹരി: വ്യക്തി, കുടുംബം, സമൂഹം | [illegible] വ്യക്തിയെ, കുടുംബത്തെ, സമൂഹത്തെ എങ്ങനെ ബാധിക്കുന്നു? ലഹരിക്ക് അടിമപ്പെടുന്നവർക്ക് നൽകാവുന്ന പിന്തുണ. | [illegible] പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുന്ന "പാനൽ ചർച്ച".<br>• ലഹരിക്ക് അടിമപ്പെട്ടവരെ സഹായിക്കുന്ന സംഘടനകളെക്കുറിച്ച് പഠിച്ച് അവതരിപ്പിക്കുക.<br>• കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി ഒരു "അവബോധ സെഷൻ". |
| ജനുവരി<br>പ്രതിരോധ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്ക് | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നത് എങ്ങനെ? | • പ്രമുഖ ലഹരി വിരുദ്ധ പ്രവർത്തകനുമായുള്ള സംവാദം.<br>• സ്കൂൾ തലത്തിൽ "ലഹരി വിരുദ്ധ സേന" രൂപീകരിക്കുക.<br>• ഒരു "ലഹരി വിരുദ്ധ സോഷ്യൽ മീഡിയ ക്യാമ്പയിൻ" ആസൂത്രണം ചെയ്യുക. |
| ഫെബ്രുവരി<br>സാഹിത്യവും ലഹരി വിരുദ്ധ സന്ദേശവും | ലഹരി വിരുദ്ധ സന്ദേശം നൽകുന്ന സാഹിത്യകൃതികൾ (കവിതകൾ, കഥകൾ, നോവലുകൾ) ചർച്ച ചെയ്യുക. | • ലഹരി വിരുദ്ധ സന്ദേശം നൽകുന്ന മലയാള സാഹിത്യത്തിലെ ഭാഗങ്ങൾ കണ്ടെത്തി ആസ്വാദനം/അവതരണം.<br>• പ്രശസ്ത സാഹിത്യകാരന്മാരുടെ ലഹരിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുക.<br>• ലഹരി വിരുദ്ധ 'പോസ്റ്റർ രചന/കാരിക്കേച്ചർ മത്സരം'. |
| മാർച്ച്<br>വാർഷിക ലഹരി വിരുദ്ധ സമാപനവും ഭാവി പ്രവർത്തനങ്ങളും | ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനം, ഭാവി പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ. | • ഈ വർഷത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണം (ചിത്രങ്ങളും വീഡിയോകളും ഉൾപ്പെടുത്തി).<br>• മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികളെയും ക്ലബ്ബ് അംഗങ്ങളെയും അഭിനന്ദിക്കുക.<br>• സ്കൂൾ തലത്തിൽ ഒരു ലഹരി വിരുദ്ധ ജാഗ്രതാ സമിതി രൂപീകരിക്കുക.<br>• എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു ലഹരി വിരുദ്ധ റാലി സംഘടിപ്പിക്കുക. |

# പൊതുമുതൽ സംരക്ഷണം മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | നേതൃത്വം | കാലയളവ് |
|---|---|---|
| പൊതുമുതൽ സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക | അധ്യാപകർ ക്ലാസ്സ് ലീഡർ വിദ്യാർത്ഥി സമിതി | ജൂൺ മുതൽ ഫെബ്രുവരി വരെ . |
| കാലം | വിഷയം | പ്രവർത്തനം |
| ജൂൺ | ബോധവൽക്കരണം | പൊതുമുതൽ എന്നത് എന്താണ് ക്ലാസ് സംഭാഷണം |
| ജൂലൈ | പൊതുമുതൽ ശേഖരണം | സ്കൂളിലെ നാശപ്പെട്ട പൊതുവസ്തുക്കളുടെ മെച്ചപ്പെടുത്തൽ |
| ആഗസ്റ്റ് | പോസ്റ്റർ നിർമ്മാണം | പൊതുമുതൽ നമ്മുടെ സ്വത്ത് എന്ന വിഷയത്തെക്കുറിച്ച് പോസ്റ്റർ നിർമ്മിക്കുക |
| സെപ്റ്റംബർ | ചിത്രപ്രദർശനം | ബിഫോർ ആൻഡ് ആഫ്റ്റർ സംരക്ഷണ പ്രവർത്തനങ്ങൾ |
| ഒക്ടോബർ | ക്യാമ്പയിൻ | ഞാൻ സംരക്ഷിക്കും പ്രതിജ്ഞ വെള്ളം വൈദ്യുതി തുടങ്ങിയവ |
| നവംബർ | സംരക്ഷണ പ്രവർത്തികൾ | സ്കൂൾ ഗ്രന്ഥശാല പഴയ വിദ്യ സാധനങ്ങൾ സംരക്ഷിക്കുക |
| ഡിസംബർ | അവലോകന സമ്മേളനം | പ്രാദേശിക സഹായത്തിന് സമ്മേളനങ്ങൾ സംഘടിപ്പിക്കുക |
| ജനുവരി | എക്സിബിഷൻ | സ്കൂളിലെ പൊതുമുതലുകളുടെ എക്സിബിഷൻ |
| ഫെബ്രുവരി | മൂല്യനിർണയം | പുരസ്കാരങ്ങൾ നൽകുക മികച്ച സംരക്ഷണ ക്ലാസ് മികച്ച കുട്ടി |

# റോഡ് സുരക്ഷാ നിയമങ്ങൾ

**8, 9, 10 ക്ലാസുകളിലെ കുട്ടികൾക്കായി റോഡ്, റെയിൽ, ജലപാത, സ്കൂൾ വാഹനം എന്നിവയുമായി ബന്ധപ്പെട്ട സുരക്ഷാ ബോധവൽക്കരണ പരിപാടിയുടെ മാസ്റ്റർ പ്ലാൻ.**

**ലക്ഷ്യം:** റോഡ്, റെയിൽ, ജലപാത, സ്കൂൾ വാഹനം എന്നിവയുമായി ബന്ധപ്പെട്ട സുരക്ഷാ നിയമങ്ങളെക്കുറിച്ചും അപകടസാധ്യതകളെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുക. ഉത്തരവാദിത്തമുള്ള യാത്രക്കാരായും കാൽനടയാത്രക്കാരായും നല്ല ഡ്രൈവിംഗ് ശീലമുള്ളവരായും അവരെ വളർത്തിയെടുക്കുക.

**പങ്കെടുക്കുന്നവർ:** 8, 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ, പോലീസ്, രക്ഷിതാക്കൾ, ഹോം ഗാർഡ്സ്.

**നടത്തിപ്പ് :** ഓരോ മാസവും അധ്യാപകരുടെ നേതൃത്വത്തിൽ ഒരു ബോധവൽക്കരണ ക്ലാസ്/പ്രവർത്തനം. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ, പോലീസ് ഇടങ്ങിയവർ നൽകുന്ന ബോധവൽക്കരണ ക്ലാസ്സുകളും മോക്ക് ഡ്രില്ലുകളും.

**സാമ്പത്തികം**

സ്കൂൾ, പ്രാദേശികം, തദ്ദേശസ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ.

**കാലയളവ് :** ജൂൺ മുതൽ മാർച്ച് വരെ (10 മാസങ്ങൾ).

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളും ഇതോടൊപ്പം കൊടുക്കുന്നു.

**മാസ്റ്റർ പ്ലാൻ:**

| മാസം | വിഷയം | പ്രവർത്തനങ്ങൾ | പഠന ഫലം |
|---|---|---|---|
| ജൂൺ | പൊതുവായ റോഡ് സുരക്ഷ - കാൽനടയാത്രക്കാർക്ക് | കാൽനടയാത്രക്കാർ പാലിക്കേണ്ട പൊതുവായ നിയമങ്ങൾ (സീബ്ര ലൈൻ, ട്രാഫിക് ലൈറ്റുകൾ, നടപ്പാത ഉപയോഗം). റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് ചിഹ്നങ്ങളെയും അടയാളങ്ങളെയും പരിചയപ്പെടുത്തൽ. | കാൽനടയാത്രക്കാർ എന്ന നിലയിൽ റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കാൻ ശീലിക്കുന്നു. |
| ജൂലൈ | സൈക്കിൾ സുരക്ഷയും ഹെൽമെറ്റിന്റെ പ്രാധാന്യവും | സൈക്കിൾ ഓടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ.ഹെൽമെറ്റിന്റെ പ്രാധാന്യം, ശരിയായ | സുരക്ഷിതമായി സൈക്കിൾ ഓടിക്കാൻ പഠിക്കുന്നു; ഹെൽമെറ്റിന്റെ |

| | | | |
|---|---|---|---|
| | | ഹെൽമെറ്റ് തിരഞ്ഞെടുക്കൽ, ധരിക്കേണ്ട രീതി. സൈക്കിളിന് ആവശ്യമായ അറ്റകുറ്റപ്പണികൾ. | പ്രാധാന്യം മനസ്സിലാക്കുന്നു. |
| ഓഗസ്റ്റ് | റെയിൽവേ സുരക്ഷ - പാത മുറിച്ചുകടക്കുമ്പോൾ - ലെവൽ ക്രോസിംഗുകളിൽ പാലിക്കേണ്ട നിയമങ്ങൾ | റെയിൽവേ പാളങ്ങളിലൂടെ നടക്കുന്നത് ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം. ട്രെയിൻ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. | റെയിൽവേ അപകടങ്ങളെക്കുറിച്ച് അവബോധം നേടുന്നു; സുരക്ഷിതമായി റെയിൽ പാത മുറിച്ചുകടക്കാൻ പഠിക്കുന്നു. |
| സെപ്റ്റംബർ | സ്കൂൾ വാഹനം സുരക്ഷ - യാത്രക്കാർ ശ്രദ്ധിക്കാൻ | സ്കൂൾ ബസ്സിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും പാലിക്കേണ്ട നിയമങ്ങൾ. ബസ്സിനുള്ളിൽ പാലിക്കേണ്ട അച്ചടക്കം. ബസ്സ് ഡ്രൈവറോടും കണ്ടക്ടറോടും സഹകരിക്കേണ്ടതിന്റെ പ്രാധാന്യം. | സ്കൂൾ വാഹനത്തിൽ സുരക്ഷിതമായി യാത്ര ചെയ്യാൻ പഠിക്കുന്നു. |
| ഒക്ടോബർ | ജലപാത സുരക്ഷ - വള്ളം/ബോട്ട് യാത്രകളിൽ | വള്ളം/ബോട്ട് യാത്രകളിൽ ലൈഫ് ജാക്കറ്റിന്റെ പ്രാധാന്യം. അധികം ആളുകളെ കയറ്റുന്നത് ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം. യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട പൊതുവായ സുരക്ഷാ നിർദ്ദേശങ്ങൾ. | ജലയാത്രകളിലെ സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് മനസ്സിലാക്കുന്നു. |
| നവംബർ | അടിയന്തിര സാഹചര്യങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ | അപകടം കണ്ടാൽ എന്തു ചെയ്യണം (പ്രഥമശുശ്രൂഷയുടെ പ്രാധാന്യം, സഹായം തേടേണ്ട രീതി). പോലീസ്, ആംബുലൻസ്, ഫയർഫോഴ്സ് നമ്പറുകൾ | അപകട സാഹചര്യങ്ങളിൽ ശരിയായ രീതിയിൽ പ്രതികരിക്കാൻ പ്രാപ്തരാകുന്നു. |
| ഡിസംബർ | ട്രാഫിക് നിയമങ്ങളും ശിക്ഷകളും | സാധാരണ ട്രാഫിക് നിയമലംഘനങ്ങളും അവയുള്ള ശിക്ഷകളും (ചെറിയ തോതിൽ). ലൈസൻസിന്റെ പ്രാധാന്യം (മുതിർന്നവർക്ക്)- റോഡിൽ മദ്യപിച്ച് വാഹനമോടിക്കുന്നതിന്റെ ഭവിഷ്യത്തുകൾ.ട്രാഫിക് | ട്രാഫിക് നിയമങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ ലഭിക്കുന്നു. |

| | | | |
|---|---|---|---|
| | | നിയമങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ ലഭിക്കുന്നു. | |
| ജനുവരി | സുരക്ഷാ പ്രതിജ്ഞയും ലഘുനാടക അവതരണവും | ഓരോ വിഷയത്തെക്കുറിച്ചും ഒരു സുരക്ഷാ പ്രതിജ്ഞ ചൊല്ലൽ. വിദ്യാർത്ഥികൾക്ക് വിവിധ സുരക്ഷാ വിഷയങ്ങളെ ആസ്പദമാക്കി ലഘുനാടകങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുക. | സുരക്ഷാ സന്ദേശം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യുന്നു. |
| ഫെബ്രുവരി | സുരക്ഷാ ബോധവൽക്കരണ വീഡിയോകളും ക്വിസും | വിവിധ സുരക്ഷാ വിഷയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ വീഡിയോകൾ പ്രദർശിപ്പിക്കുക. വിഷയത്തെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം നടത്തുക. | പഠിച്ച കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും കൂടുതൽ വിവരങ്ങൾ നൽകുകയും ചെയ്യുന്നു. |
| മാർച്ച് | സുരക്ഷാ സെമിനാറും ഫീഡ്ബാക്കും | ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ, റെയിൽവേ സുരക്ഷാ ഉദ്യോഗസ്ഥരെ, അല്ലെങ്കിൽ മറ്റ് വിദഗ്ധരെ ക്ലാസ്സെടുക്കാൻ ക്ഷണിക്കുക. വിദ്യാർത്ഥികളിൽ നിന്ന് പരിപാടിയെക്കുറിച്ചുള്ള ഫീഡ്ബാക്ക് ശേഖരിക്കുക | വിദഗ്ധരുമായി സംവദിക്കാനും സംശയങ്ങൾ ദൂരീകരിക്കാനും അവസരം ലഭിക്കുന്നു; പരിപാടിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നു. |

പരിപാടി വിജയകരമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

അധ്യാപകരുടെ പരിശീലനം: പരിപാടി നയിക്കുന്ന അധ്യാപകർക്ക് വിഷയത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെന്ന് ഉറപ്പാക്കുക. ആവശ്യമെങ്കിൽ അവർക്ക് പ്രത്യേക പരിശീലനം നൽകാം.
സംവേദനാത്മക ക്ലാസ്സുകൾ: വെറും പ്രഭാഷണങ്ങളായി ഒതുക്കാതെ, ചോദ്യോത്തര വേളകൾ, വീഡിയോ പ്രദർശനങ്ങൾ, ചിത്രീകരണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ തുടങ്ങിയവ ഉൾപ്പെടുത്തുക.
പ്രായോഗികത: സാധ്യമെങ്കിൽ, ട്രാഫിക് സിഗ്നലുകൾ, റെയിൽവേ ക്രോസിംഗുകൾ എന്നിവയുടെ മാതൃകകൾ ഉപയോഗിച്ച് പരിശീലനം നൽകാം.
റോഡ് സേഫ്റ്റിയെക്കുറിച്ച് മോക്ക് ഡ്രിൽ നടത്തുക.
പങ്കാളിത്തം: കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുക. അവർക്ക് ചോദ്യങ്ങൾ ചോദിക്കാനും സംശയങ്ങൾ ദൂരീകരിക്കാനും അവസരം നൽകുക.
ചുമർ ചിത്രീകരണം/പോസ്റ്റർ നിർമ്മാണം: സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ, ചുമർ ചിത്രങ്ങൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കിക്കാം.
രക്ഷാകർത്താക്കളുടെ പങ്കാളിത്തം: രക്ഷാകർത്താക്കൾക്കും ഈ വിഷയത്തിൽ അവബോധം നൽകുന്നത് നല്ലതാണ്. സ്കൂളിന്റെ വെബ്സൈറ്റിലൂടെയോ നോട്ടീസുകളിലൂടെയോ സുരക്ഷാ സന്ദേശങ്ങൾ പങ്കുവെക്കാം.

തുടർപ്രവർത്തനങ്ങൾ: മാസത്തിലൊരിക്കലുള്ള ക്ലാസ്സുകൾ കൂടാതെ, കുട്ടികൾക്ക് വീട്ടിൽ നിന്നോ സ്കൂളിൽ നിന്നോ ചെയ്യാവുന്ന ചെറിയ പ്രോജക്ടുകൾ, അസൈൻമെന്റുകൾ എന്നിവ നൽകാം.

പ്രചോദനം: നല്ല രീതിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. ചെറിയ സമ്മാനങ്ങളോ സർട്ടിഫിക്കറ്റുകളോ നൽകാം.

**ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ**

വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സ്കൂളിനു സമീപം ട്രാഫിക് സിഗ്നലുകൾ (മഞ്ഞ) സ്ഥാപിക്കുക.

Mandatory, cautionary, informatory sign board കൾ സ്ഥാപിക്കുക.

ട്രാഫിക് നിയന്ത്രണത്തിന് പോലീസ്, ഹോം ഗാർഡ്സ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.

റോഡിൽ റംബിൾ സ്ട്രിപ്പുകൾ ഇടുക.

കുട്ടികൾക്ക് സുരക്ഷിതമായി സൈക്കിൾ വെക്കുവാനുള്ള സൈക്കിൾ ഷെഡ്.

കുട്ടികൾക്ക് മഴയും വെയിലുമേൽക്കാതെ ബസ് കയറാനുള്ള വെയ്റ്റിംഗ് ഷെഡ്.

# ആരോഗ്യത്തോടെ ഒരു വർഷം: വിദ്യാർത്ഥികൾക്കായുള്ള പ്രവർത്തന മാസ്റ്റർപ്ലാൻ

**ജൂൺ : പോഷകാഹാരത്തിന്റെ പ്രാധാന്യം**

പ്രവർത്തനം: "എന്റെ ഒരു ദിവസത്തെ ഭക്ഷണം" - ഓരോ വിദ്യാർത്ഥിയും തങ്ങളുടെ ഒരു ദിവസത്തെ ഭക്ഷണക്രമം രേഖപ്പെടുത്തുകയും അത് പോഷകസമൃദ്ധമാണോ എന്ന് സ്വയം വിലയിരുത്തുകയും ചെയ്യുക. ക്ലാസ്സിൽ ചർച്ച ചെയ്യുകയും ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ച് അറിയുകയും ചെയ്യുക.

ലക്ഷ്യം: പോഷകാഹാരത്തെക്കുറിച്ച് അവബോധം വളർത്തുക, ആരോഗ്യകരമായ ഭക്ഷണ തിരഞ്ഞെടുപ്പുകൾക്ക് പ്രോത്സാഹനം നൽകുക.

**ജൂലൈ: ജങ്ക് ഫുഡും ആരോഗ്യവും**

പ്രവർത്തനം: "ജങ്ക് ഫുഡ് എന്തിന് ഒഴിവാക്കണം?" - ജങ്ക് ഫുഡുകളുടെ ദോഷങ്ങളെക്കുറിച്ച് ഒരു ലഘുനാടകം ( Role play)അവതരിപ്പിക്കുകയോ, പോസ്റ്ററുകൾ നിർമ്മിക്കുകയോ ചെയ്യൂ. ആരോഗ്യകരമായ ഭക്ഷണസാധനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

ലക്ഷ്യം: ജങ്ക് ഫുഡിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസ്സിലാക്കുക, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വളർത്തുക.

**ആഗസ്റ്റ്: ശുചിത്വം വ്യക്തിജീവിതത്തിൽ**

പ്രവർത്തനം: "കൈ കഴുകുന്നതിന്റെ പ്രാധാന്യം" - ശരിയായ രീതിയിൽ കൈ കഴുകുന്നതെങ്ങനെയെന്ന് ഒരു പ്രദർശനം നടത്തുക. ക്ലാസ് റൂമുകളിലും സ്കൂളിലും ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

ലക്ഷ്യം: വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, രോഗങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്ന ശീലങ്ങൾ വളർത്തുക.

**സെപ്റ്റംബർ: പരിസര ശുചിത്വം - എന്റെ ഉത്തരവാദിത്തം**

പ്രവർത്തനം: "നമ്മുടെ സ്കൂൾ, നമ്മുടെ ശുചിത്വം" - സ്കൂൾ പരിസരം വൃത്തിയാക്കുന്നതിനുള്ള ഒരു ശുചീകരണ യജ്ഞം സംഘടിപ്പിക്കുക. മാലിന്യം തരംതിരിക്കുന്നതിന്റെ പ്രാധാന്യം പഠിക്കുകയും അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുക.

ലക്ഷ്യം: പരിസര ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, സാമൂഹിക ഉത്തരവാദിത്തബോധം വളർത്തുക.

**ഒക്ടോബർ: നല്ല ഉറക്ക ശീലങ്ങൾ**

പ്രവർത്തനം: "ഉറക്കം ആരോഗ്യത്തിന്" - നല്ല ഉറക്കശീലങ്ങളെക്കുറിച്ചും ഉറക്കമില്ലായ്മയുടെ ദോഷങ്ങളെക്കുറിച്ചും ഒരു സെമിനാർ സംഘടിപ്പിക്കുക. ഓരോ വിദ്യാർത്ഥിയും തങ്ങളുടെ ഉറക്കശീലങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാമെന്ന് ചർച്ച ചെയ്യുക.

ലക്ഷ്യം: നല്ല ഉറക്കത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, ആരോഗ്യകരമായ ഉറക്കശീലങ്ങൾ വളർത്തുക.

**നവമ്പർ: ആരോഗ്യകരമായ ദിനചര്യ**

പ്രവർത്തനം: "എന്റെ ആരോഗ്യകരമായ ദിനചര്യ" - ഓരോ വിദ്യാർത്ഥിയും സ്വന്തമായി ഒരു ആരോഗ്യകരമായ ദിനചര്യ തയ്യാറാക്കുകയും ഒരാഴ്ച അത് പിന്തുടരാൻ ശ്രമിക്കുകയും ചെയ്യുക. പിന്നീട് ക്ലാസ്സിൽ അനുഭവങ്ങൾ പങ്കുവെക്കുക.

ലക്ഷ്യം: ചിട്ടയായ ജീവിതശൈലിയുടെ പ്രാധാന്യം മനസ്സിലാക്കുക, ആരോഗ്യകരമായ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുക.

**ഡിസമ്പർ: വ്യായാമത്തിന്റെ പ്രാധാന്യം**

പ്രവർത്തനം: "സജീവമായ ശരീരം, ആരോഗ്യകരമായ മനസ്സ്" - ലളിതമായ വ്യായാമങ്ങൾ, യോഗാസനങ്ങൾ എന്നിവ പരിശീലിപ്പിക്കുക. ദിവസേനയുള്ള ശാരീരിക പ്രവർത്തനങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുക.

ലക്ഷ്യം: വ്യായാമത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, ശാരീരികക്ഷമത വളർത്തുക.

**ജനുവരി: മാനസിക ആരോഗ്യം**

പ്രവർത്തനം: "മാനസികാരോഗ്യം, സന്തോഷകരമായ ജീവിതം" - മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള വഴികൾ, സന്തോഷം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഒരു വിദഗ്ധന്റെ ക്ലാസ് സംഘടിപ്പിക്കുക. കൂട്ടുകാരുമായി തുറന്നു സംസാരിക്കാനുള്ള വേദികൾ ഒരുക്കുക.

ലക്ഷ്യം: മാനസികാരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, മാനസിക സമ്മർദ്ദം കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക.

**ഫെബ്രുവരി: പ്രാഥമിക ശുശ്രൂഷ (First Aid)**

പ്രവർത്തനം: "അടിയന്തര സാഹചര്യങ്ങളിൽ" - ചെറിയ മുറിവുകൾ, ചതവുകൾ, പൊള്ളലുകൾ എന്നിവക്ക് എങ്ങനെ പ്രാഥമിക ശുശ്രൂഷ നൽകാമെന്ന് പഠിപ്പിക്കുക. ഒരു ഡെമോൺസ്ട്രേഷൻ നടത്തുക.

ലക്ഷ്യം: അടിയന്തര സാഹചര്യങ്ങളിൽ സ്വയം സഹായിക്കാനും മറ്റുള്ളവരെ സഹായിക്കാനും പഠിക്കുക.

**മാർച്ച്: ആരോഗ്യകരമായ ജീവിതശൈലി - ഒരു പ്രതിജ്ഞ**

പ്രവർത്തനം: "എന്റെ ആരോഗ്യ പ്രതിജ്ഞ" - കഴിഞ്ഞ മാസങ്ങളിൽ പഠിച്ച കാര്യങ്ങൾ ഓർമ്മിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശൈലി പിന്തുടരുമെന്ന് ഓരോ വിദ്യാർത്ഥിയും ഒരു പ്രതിജ്ഞയെടുക്കുകയും ചെയ്യുക.

ലക്ഷ്യം: പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ പ്രോത്സാഹനം നൽകുക.

ഒരു വർഷം നീണ്ടുനിന്ന പഠനത്തിന്റെ പരിസമാപ്തി, അറിവ് പങ്കുവെക്കാനുള്ള അവസരം.

| സഹകരണമാണ് ശക്തി: മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ മികച്ച സമൂഹം- മാസ്റ്റർ പ്ലാൻ | | |
|---|---|---|
| സഹകരണമാണ് ശക്തി | | |
| ലക്ഷ്യം:<br>മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി പരസ്പര സഹകരണത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിക്കുക. വ്യക്തിഗതവും സാമൂഹികവുമായ ഉന്നമനത്തിന് സഹകരണം എങ്ങനെ സഹായിക്കുന്നു എന്ന് അവരെപഠിപ്പിക്കുക | നേതൃത്വം:<br>സാമൂഹ്യശാസ്ത്ര ക്ലബ്, സ്കൂൾ കൗൺസിലർ, അധ്യാപകർ | കാലയളവ്<br>ജൂൺ-മാർച്ച് ( മാസത്തിൽ ഒരു പരിപാടി) |
| കാലം | വിഷയം | പ്രവർത്തനങ്ങൾ |
| ജൂൺ<br>സഹകരത്തിന്റെ പ്രാധാന്യം- ഒരു ആമുഖം | എന്താണ് സഹകരണം, നമ്മുടെ ദൈനം ദിന ജീവിതത്തിൽ സഹകരണത്തിന്റെ പ്രാധാന്യം | • എന്താണ് സഹകരണം, നമ്മുടെ ദൈനം ദിന ജീവിതത്തിൽ സഹകരണത്തിന്റെ പ്രാധാന്യം എന്നതിനെ കുറിച്ച് വിദ്യാർഥികൾക്കിടയിൽ ഒരു ചർച്ച സംഘടിപ്പിക്കുക.<br>• സഹകരണത്തെ കുറിച്ച് ഒരു short വീഡിയോ പ്രദർശിപ്പിക്കുക. |
| ജൂലൈ<br>സഹകരണത്തിന്റെ ശക്തി ചരിത്രത്തിൽ നിന്നും. | ചരിത്രത്തിലെ മഹത്തായ കണ്ടുപിടുത്തങ്ങളിലും സാമൂഹിക മുന്നേറ്റങ്ങളിലും സഹകരണം എങ്ങനെ നിർണായക പങ്ക് വഹിച്ച എന്ന അറിവ് | • ചരിത്രത്തിലെ മഹത്തായ കണ്ടുപിടുത്തങ്ങളിലും സാമൂഹിക മുന്നേറ്റങ്ങളിലും സഹകരണം എങ്ങനെ നിർണായക പങ്കു വഹിച്ചു എന്നതിനെ കുറിച്ച് വിദ്യാർത്ഥികൾ ഒരു പ്രസന്റേഷൻ തയ്യാറാക്കുക.<br>• പ്രശസ്ത വ്യക്തികളുടെ ഉദ്ധരണികൾ പ്രദർശിപ്പിക്കുക |
| ഓഗസ്റ്റ്<br>നമ്മളൊന്ന് ടീം വർക്കിന്റെ മന്ത്രികത | പ്രായോഗിക തലത്തിൽ സഹകരത്തിന്റെ ഗുണങ്ങൾ അനുഭവിച്ചറിയുക. | • ടീം വർക്കിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു ചെറിയ സ്കിറ്റ് അവതരിപ്പിക്കുക. |

| | | |
|---|---|---|
| | | • സഹകരണ മനോഭാവം വളർത്തുന്ന ടീം ബിൽഡിംഗ് ഗെയിമുകൾ സംഘടിപ്പിക്കുക. |
| സെപ്റ്റംബർ<br>സമൂഹത്തിൽ സഹകരണം | സഹകരണം എങ്ങനെ സാമൂഹിക മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു എന്ന് മനസിലാക്കുക. | • വയനാട് ഉരുൾപൊട്ടലിന്റെ രക്ഷാ പ്രവർത്തന വീഡിയോസ് പ്രദർശിപ്പിക്കുക.<br>• ഒരു സാമൂഹ്യ പ്രവർത്തകനെ അഥിതിയായി ക്ഷണിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കു വെക്കാൻ അവസരം നൽകുക. |
| ഒക്ടോബർ<br>ഭിന്നതകളിൽ ഐക്യം: സഹകരണത്തിന്റെ വെല്ലുവിളികളും പരിഹാരങ്ങളും. | സഹകരണത്തിന്റെ വെല്ലുവിളികൾ തിരിച്ചറിയാനും അവയെ അതിജീവിക്കാനും പഠിക്കുക. | • വ്യത്യസ്ത അഭിപ്രായങ്ങളും ആശയങ്ങളുമുള്ള ആളുകൾക്കിടയിൽ സഹകരണം എങ്ങനെ സാധ്യമാക്കാം എന്നതിനെ കുറിച്ച് റോൾ പ്ലേ സംഘടിപ്പിക്കുക.<br>• ഒരുമിച്ചാൽ മുന്നേറാം എന്ന വിഷയത്തിൽ ഒരു പോസ്റ്റർ മത്സരം സംഘടിപ്പിക്കുക. |
| നവംബർ<br>സഹകരണവും പരിസ്ഥിതി സംരക്ഷണവും. | പരിസ്ഥിതി സംരക്ഷണത്തിൽ സഹകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. | • സ്കൂൾ പരിസരത്ത് SS ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ചെറിയ പൂന്തോട്ടം നിർമ്മിക്കുക. |
| ഡിസംബർ<br>ഡിജിറ്റൽ ലോകത്തും സഹകരണം | ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലെ സഹകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. | • സോഷ്യൽ മീഡിയയിലെ നല്ല ഉപയോഗങ്ങളെ കുറിച്ച് ഒരു സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക. |
| ജനുവരി<br>സഹകരണവും നൈപുണ്യ വികസനവും | പുതിയ കഴിവുകൾ നേടുന്നതിനും വികസിപ്പിക്കുന്നതിനും സഹകരണം എങ്ങനെ ഉപയോഗപ്പെടുത്താം | • ക്ലാസുകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഒരു പുതിയ നൈപുണ്യം പരസ്പരം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുക. |
| ഫെബ്രുവരി<br>സഹകരണത്തിന്റെ ആഘോഷം: ഒരുമിച്ച് മുന്നോട്ട്. | എല്ലാ മേഖലകളിലും സഹകരണത്തിന്റെ പ്രാധാന്യം ആഴത്തിൽ കുട്ടികളിൽ പതിപ്പിക്കുക. | • ഇത് വരെ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു അവലോകനം നടത്തുക. |

| | | |
|---|---|---|
| | | • സഹകരണത്തെ പ്രോത്സാഹിപ്പിക്കുന്ന കലാപരിപാടികൾ (സംഘ ഗാനം, സംഘ നൃത്തം) അവതരിപ്പിക്കുക. |
| മാർച്ച്<br>ഫൈനൽ ഇവന്റ്: സഹകരണ പ്രവർത്തനം. | വർഷം മുഴുവൻ നേടിയ അറിവും സഹകരണ മനോഭാവവും പ്രായോഗികമായി പ്രകടിപ്പിക്കാൻ അവസരം നൽകുക. | • വിദ്യാർഥികൾ ഒരുമിച്ച് തയ്യാറാക്കിയ ഏതെങ്കിലും ഒരു പ്രൊജക്റ്റ് പ്രദർശിപ്പിക്കുക. (Eg: പൂന്തോട്ടം, ലൈബ്രറിക്ക് വേണ്ടി പുസ്തകങ്ങൾ ശേഖരിക്കുക)<br>• വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക. |

Focus area: Personal Hygiene , Green Campus and Beautification

## Objectives

1. Personal Hygiene:

- Promote daily hygiene habits among students.
- Reduce preventable diseases and absenteeism.
- Encourage a culture of cleanliness and self-care.

2. Green Campus & Beautification:

- Create an eco-friendly, visually appealing school environment.
- Instill environmental responsibility in students.
- Enhance mental well-being and pride in the school community.II. Key Activities & Implementation Plan

A. Personal Hygiene Programme.

| Activity | Description | Timeline | Responsibility |
|---|---|---|---|
| Hygiene Awareness Campaign | Sessions, posters, skits on hygiene | Monthly | Science teachers, School Nurse |
| Hygiene Kit Distribution | Provide soaps, sanitizers, combs, napkins | Quarterly | Primary Health centre/PTA |
| Daily Hygiene Checks | Basic morning inspection (clean nails, hair, etc.) | Daily | Class teachers/group leaders |
| Menstrual Health Education | Workshops for girls and parents | Quarterly | Health Dept., Teachers |

B. Green Campus & Beautification Programme

| Activity | Description | Timeline | Responsibility |
|---|---|---|---|
| Tree Plantation Drive | Plant trees with name tags | Monsoon & Winter | Eco Club, Local Forest Dept. |

| | | | |
|---|---|---|---|
| Medicinal & Kitchen Garden | Tulsi, Aloe Vera, curry leaves, etc. | Ongoing | Students, Science club. |
| Plastic-Free Campus | Awareness and collection drives | Monthly | Environment Club |
| Wall Murals and Art | Paint walls with educational & nature themes | 3 months | Art club,Volunteers |
| Composting Unit | Create compost pit using biodegradable waste | 2 months | Eco club, PTA |
| Waste Segregation Bins | Install color-coded bins (bio, non-bio) | 1 month | Eco Club |
| Clean Classroom Competition | Monthly judging for neatness & decoration | Monthly | Cleanliness Committee |
| Rainwater Harvesting | Simple system for garden watering | 6 months | PTA, LSGD |

## III. Monitoring and Evaluation

| Strategy | Tools/Methods | Frequency |
|---|---|---|
| Hygiene Audit | Checklists, random inspections | Monthly |
| Feedback | Student & teacher surveys | Quarterly |
| Green Scorecard | Points for each eco-activity/class | Monthly |
| Reporting | Submit progress reports to HM/Teacher in charge(Eco club) | Monthly |
| Awards & Recognition | Best class/club awards | Term-wise |

## IV. Estimated Budget

| Item | Approx. Cost |
|---|---|
| Hygiene Kits | ₹10,000/quarter |
| Plantation + Garden Setup | ₹15,000 |
| Paint & Art Supplies | ₹8,000 |
| Bins & Compost Setup | ₹12,000 |
| Workshop/Training | ₹5,000/event |

*Seek funds from LSGD,PTA, District Panchayath.

# ഉപസംഹാരം

അറിവിന്റെ അക്ഷയഖനി വിദ്യാലയ മുറ്റത്ത് എത്തി നിൽക്കുന്നു. കുട്ടികൾക്ക് അക്ഷരങ്ങളിലൂടെ അറിവിന്റെ വിസ്മയ ലോകം തീർത്ത് ഉത്തമ പൗരനാക്കി വളർത്തി എടുക്കുക എന്നതാണ് വിദ്യാലയങ്ങളുടെ കടമ. ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസ രീതികളും സമ്പ്രദായങ്ങളും മാറുകയാണ്. അക്ഷരങ്ങൾ എഴുതിപഠിപ്പിച്ച ബ്ലാക്ക് ബോർഡുകൾ കാലത്തിന്റെ യവനികയ്ക്കുള്ളിൽ ഒരുപക്ഷേ മാഞ്ഞുപോയേക്കാം. പകരം പ്രൊജക്ടറുകളും ലാപ്ടോപ്പുകളും, വൈറ്റ് ബോർഡുകളും ക്ലാസ്മുറികൾ കൈയ്യടക്കുവാൻ കാത്തുനിൽക്കുന്നു.

കുട്ടികളെ അറിവിന്റെ പാതയിലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കുന്നതിലും, സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ വളർത്തുന്നതിലും വിദ്യാലയത്തിന്റെ പങ്ക് വലുതാണ്. ഈ രീതിയിൽ കുട്ടികളെ നയിക്കുന്നതിനാണ് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ധാരാളം സാധ്യതകളും അതോടൊപ്പം നിരവധി പരിമിതികളും ഈ സ്കൂളിനുണ്ട്. ഈ സാധ്യതകളും പരിമിതികളും ഫലപ്രദമായി വിനിയോഗിച്ച് ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനും, അടൂർ സബ്ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ആക്കി ഉയർത്തുന്നതിനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

